# അറിഞ്ഞിരിക്കേണ്ട ചില യാഥാർത്ഥ്യങ്ങൾ



## 1. സകലരും പാപികളാണ്

നീതിമാൻ ആരുമില്ല; ഒരുത്തൻ പോലുമില്ല (റോമ. 3:10). ഒരു വ്യത്യാസവുമില്ല. എല്ലാവരും പാപം ചെയ്തു ദൈവ തേജസ്സില്ലാത്തവരായിത്തീർന്നു (റോമ. 3:23). പാപം ചെയ്യാതെ നന്മമാത്രം ചെയ്യുന്ന ഒരു നീതിമാനും ഭൂമിയിലില്ല (സഭാപ്ര 7:20).

## 2. ദൈവം പാപത്തെ കണക്കാക്കുന്ന വിധം

നീ ഞങ്ങളുടെ അകൃത്യങ്ങളെ നിന്റെ മുമ്പിലും ഞങ്ങളുടെ രഹസ്യപാപങ്ങളെ നിന്റെ മുഖപ്രകാശത്തിലും വച്ചിരിക്കുന്നു (സങ്കീ. 90:8). എന്റെ അതിക്രമം ഒരു സഞ്ചിയിലാക്കി മുദ്രയിട്ടിരിക്കുന്നു. എന്റെ അകൃത്യം നീ കെട്ടി പറ്റിച്ചിരിക്കുന്നു (ഇയ്യോ. 14:17). ഞാൻ പാപം ചെയ്താൽ നീ കണ്ടുവയ്ക്കുന്നു. എന്റെ അകൃത്യം നീ ശിക്ഷിക്കാതെ വിടുന്നതുമില്ല (ഇയ്യോ 10:14). യഹോവയായ ഞാൻ ഹൃദയത്തെശോധന ചെയ്തു അന്തരംഗങ്ങളെ പരീക്ഷിച്ചു ഓരോരുത്തന് അവനവന്റെ നടപ്പിനും പ്രവൃത്തിയുടെ ഫലത്തിനും തക്കവണ്ണം കൊടുക്കുന്നു (യിരമ്യാ. 17:10).

## 3. ദൈവം പാപികളോട് ഇടപെടുന്ന വിധം

യൗവനക്കാരാ, നിന്റെ യൗവനത്തിൽ സന്തോഷിക്ക; യൗവനകാലത്തിൽ നിന്റെ ഹൃദയം ആനന്ദിക്കട്ടെ; നിനക്ക് ഇഷ്ടമുള്ള വഴികളിലും നിനക്ക് ബോധിച്ചവണ്ണവും നടന്നുകൊൾക; എന്നാൽ ഇവയൊക്കെയും നിമിത്തം ദൈവം നിന്നെ ന്യായവിസ്താരത്തിലേക്ക് വരുത്തും എന്നറിക (സഭാ. 11:9). ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കുന്നു (എബ്രാ. 9:27). ദൈവം നല്ലതും തീയതുമായ സകല പ്രവർത്തിയേയും സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്കു വരുത്തുമല്ലോ (സഭാപ്ര. 12:14).

## 4. ദൈവം സ്നേഹം വെളിപ്പെടുത്തിയിരിക്കുന്ന വിധം

നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു. നാം ഓരോരുത്തനും താന്താന്റെ വഴിക്ക് തിരിഞ്ഞിരുന്നു. എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി (യശയ്യാ. 53:6).

തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹ. 3:16). ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾത്തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു

(റോമർ 5:8). ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു (1കൊരി. 15:3,4).

**5. ശിക്ഷാവിധിയിൽ നിന്നും രക്ഷപെടുവാൻ ഒരു പാപി ചെയ്യേണ്ടകാര്യം**

പാപങ്ങൾ ഏറ്റുപറഞ്ഞു കർത്താവിൽ വിശ്വസിച്ച് അവനെ രക്ഷിതാവായി അംഗീകരിക്കുക. നാം നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നുവെങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീക്കിപ്പാൻ തക്കവണ്ണം നീതിമാനും വിശ്വസ്തനുമാകുന്നു (1 യോഹ.1:9). യേശുവിനെ കർത്താവെന്ന് ഹൃദയം കൊണ്ട് വിശ്വസിക്കയും വായ്കൊണ്ടു ഏറ്റുപറകയും ചെയ്താൽ നീ രക്ഷിക്കപ്പെടും (റോമ. 10:9). ആമേൻ, ആമേൻ. ഞാൻ നിങ്ങളോട് പറയുന്നു; എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവന് നിത്യജീവനുണ്ടു; അവൻ ന്യായവിധിയിലാകാതെ മരണത്തിൽ നിന്ന് ജീവങ്കലേക്ക് കടന്നിരിക്കുന്നു (യോഹ. 5:24). അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു (യോഹ. 1:12). ദൈവപുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്; പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല; ദൈവക്രോധം അവന്റെ മേൽ വസിക്കുന്നതേയുള്ളു (യോഹ. 3:36). കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും (പ്രവൃ. 16:31).

**6. കർത്താവിനെ അംഗീകരിച്ചുകഴിയുമ്പോൾ ഒരുവനിൽ സംഭവിക്കുന്നകാര്യം**

എങ്കിലും നീ എന്റെ സകല പാപങ്ങളെയും നിന്റെ പിറകിൽ എറിഞ്ഞു കളഞ്ഞതുകൊണ്ട് എന്റെ പ്രാണനെ നാശക്കുഴിയിൽ നിന്നും സ്നേഹത്തോടെ രക്ഷിച്ചിരിക്കുന്നു (യെശയ്യാ. 38:17) നിന്റെ ജനത്തിന്റെ അകൃത്യം നീ മോചിച്ചു; അവരുടെ പാപം ഒക്കെയും നീ മൂടിക്കളഞ്ഞു (സങ്കീ. 85:2). അവൻ നമ്മോടു വീണ്ടും കരുണ കാണിക്കും; നമ്മുടെ അകൃത്യങ്ങളെ ചവിട്ടിക്കളയും; അവരുടെ പാപങ്ങളെ ഒക്കെയും നീ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടുകളയും (മീഖ. 7:19). എന്റെ നിമിത്തം ഞാൻ, ഞാൻ തന്നെ, നിന്റെ അതിക്രമങ്ങളെ മായിച്ചുകളയുന്നു: നിന്റെ പാപങ്ങളെ ഞാൻ ഓർക്കയുമില്ല (യെശയ്യാ. 43:25). വരുവിൻ, നമുക്കു തമ്മിൽ വാദിക്കാം എന്ന് യഹോവ അരുളിച്ചെയ്യുന്നു; നിങ്ങളുടെ പാപങ്ങൾ കടും ചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും. രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ

ആയിത്തീരും (യെശയ്യാ. 1:18). അവന്റെ (ദൈവത്തിന്റെ) പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1 യോഹ. 1:7). അതുകൊണ്ട് ഇപ്പോൾ ക്രിസ്തു യേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല (റോമ. 8:1).

## 7. രക്ഷാമാർഗ്ഗം ക്രിസ്തുമാത്രം

മറ്റൊരുത്തനിലും രക്ഷയില്ല, നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിന്റെ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറെ ഒരു നാമവുമില്ല (പ്രവൃ. 4:12). ഞാൻ തന്നേ (ക്രിസ്തു) വഴിയും, സത്യവും, ജീവനുമാകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല (യോഹ. 14:6). കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടൊരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും (1തെസ്സ. 4:16,17). ഇപ്പോഴാകുന്നു സുപ്രസാദകാലം ഇപ്പോഴാകുന്നു രക്ഷാദിവസം. മരണം, നിശ്ചയം, സമയം നിശ്ചയമില്ല! ആകയാൽ മരണം നിന്നെ പിടികൂടും മുമ്പെ നിന്റെ ദൈവത്തെ എതിരേല്പാൻ ഒരുങ്ങിക്കൊൾക.

പാപങ്ങൾക്ക് പരിഹാരമുണ്ടായിട്ടു കർത്താവ് തന്റെ വിശുദ്ധന്മാരെ മധ്യാകാശത്തിൽ ചേർക്കുമ്പോൾ അവരോടു കൂടെ എടുത്തു കൊള്ളപ്പെട്ടു, സൗഭാഗ്യകരമായ ജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ദൈവത്തോട് ഇപ്രകാരം പ്രാർത്ഥിക്കുക. യേശുകർത്താവേ, മഹാപാപിയായ എന്നോട് കരുണ തോന്നണമേ; എന്റെ പാപങ്ങളെ അവിടുത്തെ രക്തത്താൽ കഴുകി എന്നെ ശുദ്ധീകരിച്ച് അവിടുത്തെ മകനാക്കിതീർക്കേണമേ; പാപം അറിയാത്ത അങ്ങ് ശാപകരമായ മരണം അനുഭവിച്ചത് എനിക്കുവേണ്ടിയെന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങയെ എന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്നു. ആമേൻ!!

ബൈബിൾ സംബന്ധമായി കൂടുതൽ പഠിക്കുവാനാഗ്രഹിക്കുന്നവർക്ക് തപാലിലൂടെ വീട്ടിലിരുന്ന് പഠിക്കുവാൻ ഞങ്ങൾ സൗകര്യമൊരുക്കുന്നു.
***കൂടുതൽ വിവരങ്ങൾക്ക് എഴുതുക :***

**FELLOWSHIP TRACT LEAGUE**
P.O. BOX 164 • LEBANON, OH 45036
www.fellowshiptractleague.org © Tract 5644 (Malayalam)
All tracts free as the Lord provides. Not to be sold.